DWCD/1148/2022-ICDSB5

I/68052/2022

വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –സംയോജിത ശിശുവികസന സേവന പദ്ധതി- അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്ലറ്റ് നിർമ്മാണം തുടർനടപടി സ്വീകരിക്കുന്നതിന് നിർദേശം നൽകി- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഈ കാര്യാലയത്തിൽ നിന്നുള്ള 23/08/2022 ലെ ഇതേ നമ്പർ ഉത്തരവ്

<u>ഉത്തരവ് നം.DWCD/1148/2022-ICDS B5 തീയതി: 22-11-2022</u>

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ശിശു സൗഹൃദ ടോയ്ലറ്റ് നിർമ്മിക്കുന്നതിന് സ്ഥല സൗകര്യമുള്ളതും പ്രോഗ്രാം ഓഫീസർമാർ ശുപാർശ ചെയ്യുതുമായ 200 അങ്കണവാടികൾക്ക് ശിശു സൗഹൃദ ടോയ്ലറ്റ് നിർമ്മിക്കുന്നതിനുമായി പരാമർശം (1) പ്രകാരം ഫണ്ട് അനുവദിച്ച് ഉത്തരവായിരുന്നു. പല ജില്ലകളിൽ നിന്നും ശിശു സൗഹൃദ ടോയ്ലറ്റ് നിർമ്മിക്കുന്നതിനായി അനുവദിച്ച അങ്കണവാടികളിൽ ചിലതു മാറ്റി നൽകുന്നതിന് പ്രോഗ്രാം ഓഫീസർമാരും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരും അഭ്യർഥിച്ചിട്ടുണ്ട് .

ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം ശിശു സൗഹൃദ ടോയ്ലറ്റ് നിർമാണത്തിനായി അനുവദിച്ച 200 അങ്കണവാടികളിൽ മാറ്റി അനുവദിക്കേണ്ട അങ്കണവാടികളുണ്ടെങ്കിൽ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന അനുയോജ്യമായ മറ്റൊരു അങ്കണവാടിയെ അടിയന്തിരമായി കണ്ടെത്തി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോഗ്രാം ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും പ്രോഗ്രാം ഓഫീസർമാർ ടി അങ്കണവാടികൾ മാറ്റി അനുവദിക്കുന്നതിന് 30/11/2022 ന് മുൻപായി അനുമതി നൽകേണ്ടതുമാണ് . ശിശു സൗഹൃദ ടോയ്ലെറ്റ് നിർമ്മാണത്തിനായി അങ്കണവാടികൾ മാറ്റി അനുവദിക്കുന്ന നടപടികൾക്ക് സാധൂകരണത്തിനായി പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ശിശു സൗഹൃദ ടോയ്ലെറ്റ് നിർമ്മാണം അങ്കണവാടി ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിക്കുന്നതിന് സാധ്യമാവാത്ത പക്ഷം LSGD മുഖേന സമയബന്ധിതമായി പദ്ധതി നിർവ്വഹിക്കുന്നതിന് അനുമതി നൽകുന്നു. LSGD മുഖേന നിർവ്വഹിക്കുന്ന പക്ഷം ഫണ്ട് LSGD സെക്രട്ടറിക്ക് കൈമാറി പദ്ധതി നിർവ്വഹണം പൂർത്തീകരിക്കേണ്ടതാണ്. മേൽ ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ് .

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്
3. സൂപ്രണ്ട് എ സെക്ഷൻ,സൂപ്രണ്ട് പ്ലാനിംഗ് സെൽ
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signed by Priyanka G
Date: 22-11-2022 23:17:03